Prot.No.MPL : 124/19/36

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

## A. അസാധാരണ മിഷൻ മാസാചാരണം (2019 ഒക്ടോബർ)

സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജം പകരാൻ 1919ൽ ബെനഡിക്റ്റ് പതിനഞ്ചാമൻ മാർപ്പാപ്പ പുറപ്പെടുവിച്ച മാക്സിമും ഇല്ലൂദ് (MAXIMUM ILLUD) എന്ന ചാക്രിക ലേഖനത്തിന്റെ നൂറാം വാർഷികത്തിൽ, 2019 ഒക്ടോബർ അസാധാരണ മിഷൻ മാസമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആചരണത്തിന് നാല് ലക്ഷ്യങ്ങളാണുള്ളത്:

1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും കൂട്ടായും ഉള്ള പ്രാർത്ഥന എന്നിവ വഴി തന്റെ സഭയിൽ ജീവിക്കുന്ന ഈശോമിശിഹായെ നാം വ്യക്തിപരമായി കണ്ടുമുട്ടുക.

2. ലോകമെങ്ങും ചിതറി കിടക്കുന്ന സഭയുടെ മുഖമുദ്രയായ വിശുദ്ധരായ മിഷനറിമാരുടെയും രക്തസാക്ഷികളുടെയും വിശ്വാസസാക്ഷികളുടെയും ജീവിതസാക്ഷ്യം നാം തിരിച്ചറിയുക.

3. ബൈബിൾ പഠനം, മതബോധനം, ആധ്യാത്മികത, ദൈവശാസ്ത്രം എന്നിവയിലൂടെ നമ്മുടെ പ്രേഷിത രൂപീകരണം സാധ്യമാക്കുക.

4. മിഷനെ സഹായിക്കുക.

ഈ നാലു ലക്ഷ്യങ്ങൾ സാധ്യമാകത്തക്കവിധം, മാർപ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട്, 2019 ഒക്ടോബർ അസാധാരണ മിഷൻ മാസമായി ആചരിക്കാൻ സീറോ മലബാർ സിനഡ് നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും, കുടുംബ കൂട്ടായ്മകളിലും, കുടുംബങ്ങളിലും നടപ്പാക്കാൻ പറ്റുന്ന ഏതാനും പ്രായോഗിക കർമ്മപരിപാടികൾ താഴെ പറയുന്നവയാണ്.

1. ഒക്ടോബർ മാസം മുഴുവനും നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച പ്രാർത്ഥന ചൊല്ലുക (മലയാളം, ഇംഗ്ലീഷ് കോപ്പി ഇതോടൊപ്പം).

2. കൊന്ത മാസമായ ഒക്ടോബറിൽ കൂടുതൽ തീക്ഷ്ണതയോടെ കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും, ഒരു ദിവസത്തെ കുർബാനയും കൊന്തയും ആരാധനയും ഇടവകാസമൂഹം മിഷനു വേണ്ടി സമർപ്പിക്കുകയും ചെയ്യുക.

3. മിഷനറിമാരുടെ അനുഭവസാക്ഷ്യം നേരിട്ടോ വീഡിയോ വഴിയോ ഇടവക സമൂഹത്തിന് സംലഭ്യമാക്കുക.

4. ഒക്ടോബർ മാസത്തിലെ ജപമാലസമാപനം കൂടുതൽ ആഘോഷമായും സാധിക്കുമെങ്കിൽ പ്രദക്ഷിണമായും നടത്തുക

5. ഒക്ടോബർ–നവംബർ മാസങ്ങളിലെ കുടുംബകൂട്ടായ്മ യോഗങ്ങളിൽ സഭയുടെ മിഷൻ ദൗത്യം ചർച്ചാവിഷയമാക്കുക.

6. ഈ വർഷത്തെ മിഷൻ ഞായർ (ഒക്ടോബർ 20) കൂടുതൽ ആവേശപൂർവ്വം നടത്തുകയും അതുവഴി ലഭിക്കുന്ന മിഷൻ സൺഡേ കളക്ഷൻ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിലേക്ക് അയക്കുകയും ചെയ്യണം.

ഇത്തരത്തിലുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് മിഷൻ മാസാചരണം സമൂഹത്തിൽ മുഴുവൻ, പ്രത്യേകിച്ച് കുട്ടികളിലും യുവജനങ്ങളിലും മിഷൻ ആഭിമുഖ്യം വളർത്താൻ കാരണമാകട്ടെ. അതിന് ഫലദായകമായ നേതൃത്വം നല്കാൻ ഏവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു.

B. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ നാമകരണം

ഈ അവസരത്തിൽ രണ്ടാമതൊരു പ്രധാനകാര്യം നിങ്ങളെ അനുസ്മരിപ്പിക്കാനുള്ളത്, നമ്മുടെ സഭയുടെ മകളായ, തിരുക്കുടുംബ സന്യാസിനീ സമൂഹസ്ഥാപക, വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ നാമകരണം ഒക്ടോബർ 13–ാം തിയതി വത്തിക്കാനിൽ വച്ച് നടക്കുന്നു എന്നുള്ളതാണ്. സാർവ്വത്രികസഭയോടൊപ്പം നമുക്ക് ഈ ആഘോഷത്തിൽ സന്തോഷിക്കുകയും, ഇടവകാസമൂഹത്തിൽ ഈ ദിവസം ഉചിതമായ ആചരണങ്ങളോടെ ദൈവത്തിന് നന്ദി പറയുകയും ചെയ്യാം.

ഔദ്യോഗികമായ ആദ് ലിമിന (ad limina) സന്ദർശനത്തിന് റോമിലെത്തുന്ന സീറോ മലബാർ സഭയിലെ എല്ലാ പിതാക്കന്മാരും ഈ വലിയ സംഭവത്തിൽ പങ്കെടുക്കും. അതിനു മുമ്പ് ഒക്ടോബർ 4ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരുമായി കൂടിക്കാഴ്ച നടത്തുന്നതാണ്. ഈ സന്ദർഭത്തിൽ സാർവ്വത്രികസഭക്കും ഫ്രാൻസീസ് പാപ്പക്കും, നമ്മുടെ സഭക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

സെപ്റ്റംബർ 30ന് റോമിലേക്ക് ദുബായ് വഴി യാത്ര തിരിക്കുന്ന എന്നേയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണമേ. ഒക്ടോബർ 15ന് ഞാൻ റോമിൽ നിന്ന് തിരിച്ച് യാത്ര പുറപ്പെടുന്നതാണ്.

C. യുവജനവാരം (SMYM Youth Week)

ഏവരുടെയും സവിശേഷ ശ്രദ്ധ അർഹിക്കേണ്ട മൂന്നാമതൊരു കാര്യം കൂടിയുണ്ട്: ഒക്ടോബർ 20 മുതൽ 27 വരെ നമ്മുടെ രൂപതയിൽ ആചരിക്കുന്ന യുവജനവാരം (SMYM Youth Week) ആണത്. ഏതാനും നാളുകളായി യുവജനപ്രേഷിതത്വം നമ്മുടെ രൂപതയിലും ഇടവകാസമൂഹങ്ങളിലും വളരെ ഊർജ്ജ്സ്വലവും കാര്യക്ഷമവും ആയി നടക്കുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. നമ്മുടെ രൂപതയിലെ യുവജനപ്രേഷിതത്വത്തിന്റെ പ്രത്യേക മധ്യസ്ഥനായ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ തിരുന്നാൾ ഒക്ടോബർ 22 നാണല്ലൊ. അന്നേ ദിവസം സധിക്കുന്നിടത്തൊക്കെ യുവജനങ്ങൾക്കായി പ്രത്യേക കുർബാന അർപ്പിക്കുന്നത് സ്വാഗതാർഹമാണ്. യുവജനവാരം സമുചിതമായി ആചരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ SMYM രൂപതാ ഡയറക്ടർ ഇതിനകം വേണ്ടപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. യുവജനവാരം സമുചിതമായി ആചരിക്കാൻ എല്ലാ സമൂഹങ്ങളും മുന്നോട്ടു വരണം.

യുവജനവാരത്തോടനുബന്ധിച്ച് ഒക്ടോബർ 28ന് (ഞായർ) ലഭിക്കുന്ന പിരിവ് പകുതി ഇടവകാസമൂഹത്തിലെ യുവജനപ്രേഷിതത്വത്തിനും പകുതി രൂപതാ യുവജനപ്രേഷിതത്വത്തിനുമാണെന്ന കാര്യം വേണ്ടപ്പെട്ട സമിതികളിൽ എടുത്തിരിക്കുന്ന തീരുമാനമാണല്ലൊ. നമ്മുടെ സമൂഹത്തിലെ യുവജനപ്രേഷിതത്വത്തിനായി ഉദാരമായി സഹകരിക്കുക. പരിശുദ്ധ അമ്മയുടെയും വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്ന വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെയും വിശുദ്ധ ജോൺ പോൾ രണ്ടാമന്റയും മാധ്യസ്ഥ്യം അപേക്ഷിച്ചു കൊണ്ട്,

സ്നേഹത്തോടെ

നിങ്ങളുടെ പിതാവ്

**+ബോസ്കോ പുത്തൂർ** 2019 സെപ്റ്റമ്പർ 23

NB: ഈ സർക്കുലർ 2019 സെപ്റ്റമ്പർ 29-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.